

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 5 | 1988 സെപ്റ്റംബർ 9, 16 | ലക്കം 28, 29

## അവശ ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ അവശ ക്രൈസ്തവ വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും നൽകിവരുന്ന സ്കോളർഷിപ്പ് ഈ വർഷവും നൽകുന്നതാണ്. നിർദ്ദിഷ്ടഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ ഇടവക വികാരിയുടേയും; സ്കൂൾ/കോളജ് അധികാരികളുടേയും സാക്ഷ്യപത്രത്തോടുകൂടി ഒക്ടോബർ 15 ന മുമ്പ് കാതോലിക്കേറ്റ് ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം.

അപേക്ഷാ ഫോറത്തിന്, സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം കോട്ടയം—38 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# സ്കൂൾ ഓഫ് മ്യൂസിക്: സഭയുടെ വളർച്ചയുടെ നാഴികക്കല്ല്: പ: കാതോലിക്കാബാവാ

(സ്വന്തം ലേഖകൻ)

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്ക് സഭയുടെ വളർച്ചയുടെ നാഴികക്കല്ലാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ പ്രസ്താവിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയിലെ വിവിധ ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഗായകർക്ക് ആരാധനാ സംഗീതത്തിൽ പ്രത്യേക, പരിശീലനം നല്കിയ 'സംഗീത പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജീവിതത്തിന്റെ ആന്തരിക സൗന്ദര്യത്തിന് ആഴംകൂട്ടുന്നതിനും ദൈവിക ബന്ധത്തിൽ നിസ്തുല പങ്കാളിത്തം അനുഭവിക്കുന്നതിനും ആരാധനാ സംഗീതത്തിന് സുപ്രധാനമായ പങ്കുണ്ട്. സെമിനാരി അദ്ധ്യാപകരുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്ക്, ആരാധനാഗീതങ്ങൾ പൗരസ്ത്യ പശ്ചാത്തലത്തിൽതന്നെ പരിശീലനം നല്കുന്ന ഒരു 'ക്രൈസ്തവ സംഗീത അക്കാഡമി'യായി തീരട്ടെ! അതു നമ്മുടെ ആഗ്രഹമാണ്. പരിശുദ്ധ ബാവാ തിരുമേനി പറഞ്ഞു.

ഇന്ന് സഭയിൽ നിലവിലിരിക്കുന്ന വ്യത്യസ്ത ശൈലിയിലും രീതിയിലുമുള്ള ആരാധനാ ഗീതങ്ങളെ സമന്വയിപ്പിക്കുന്നതിനും സഭയാകമാനം ഒരേ നിറംതന്നെ അനുവർത്തിക്കുന്നതിനുംവേണ്ടി നടത്തപ്പെടുന്ന ഈ സംഗീത പരിശീലനം സഭയുടെതന്നെ ചലനാത്മകമായ വളർച്ചയാണെന്ന് കുന്നംകുളം ഭദ്രാസനാധിപൻ പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ അഭിപ്രായപ്പെട്ടു. റവ. ഡോ. വി. സി. സാമുവേൽ, സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ടി. ജെ. ജോഷ്വാ സ്വാഗതവും ഡീക്കൻ എം. പി. ജോർജ്ജ് നന്ദിയും രേഖപ്പെടുത്തി.

സോഫിയാ സെൻററിൽ വച്ച് ഒരാഴ്ചയായി നടത്തിയ സംഗീത പരിശീലന ക്യാമ്പിന് വൈദിക സെമിനാരി അദ്ധ്യാപകരായ ഫാ. എൻ. കെ. കോരുത്തുമല്പാൻ, ഡീക്കൻ എം. വി. ജോർജ്ജും, റവ സൂക്ക ചാണ്ടി, പി. ജെ. ഏബ്രഹാം, റ്റി. ജോർജ്ജുകുട്ടി എന്നിവരും നേതൃത്വം നല്കി.

ക്യാമ്പിന്റെ സമാപന സമ്മേളനം ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തി. ചടങ്ങിൽ വനിതാ ചീഫ് എഡിറ്റർ മിസിസ്സ് കെ. എം. മാത്യു, ഫാ. ടി. ജെ. ജോഷ്വാ എന്നിവർ പ്രസംഗിച്ചു. മലങ്കര സഭയുടെ വിവിധ ഇടവകകളിൽനിന്ന് അറുപതിൽപ്പരം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.

## അനുമോദനം അർപ്പിച്ചു

കോട്ടയം: നൂറുവയസു തികയുന്ന കേരള നിയമസഭയ്ക്ക് മലങ്കര സഭാമാനേജിംഗ് കമ്മറ്റി അനുമോദനങ്ങൾ അർപ്പിച്ചു. പ. കാതോലിക്കാബാവാതിരുമനസിലെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 23–ന് കോട്ടയം പഴയസെമിനാരിയിൽ ചേന്ന മാനേജിംഗ് കമ്മററിയിൽ റോണി റ്റി. ഡാനിയേൽ, പി. സി. ചെറിയാൻ എന്നിവർ ചേർന്ന് അവതരിപ്പിച്ച അനുമോദന പ്രമേയം യോഗം ഏകകണ്ഠ്യേന പാസാക്കി.

## പി. സി ഏബ്രഹാം ജോയിൻറ് കൺവീനർ

കോട്ടയം: പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജതജൂബിലി ആഘോഷക്കമ്മററിയുടെ ജോയിൻറ് കൺവീനറായി സമുദായട്രസ്റ്റി P. C. ഏബ്രഹാമിനെ മലങ്കര സഭാ മാനേജിംഗ് കമ്മററി യോഗം ഏകകണ്ഠ്യേന തിരഞ്ഞെടുത്തു. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായാണ് ജനറൽ കൺവീനർ.

# മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കണം: വൈദികയോഗം

(പ്രത്യേക ലേഖകൻ)

കുന്നംകുളം: പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് കുന്നംകുളം ഭദ്രാസന വൈദികയോഗം, മലങ്കര ഓർത്തഡോക്സ് സഭയുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസിനോട് അപേക്ഷിച്ചു

യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസ് അദ്ധ്യക്ഷതവഹിച്ചു. ഭദ്രാസന വൈദിക സെക്രട്ടറി ഫാ. C. V. ഏബ്രഹാം ഇതു സംബന്ധിച്ച പ്രമേയം അവതരിപ്പിച്ചു. യോഗം ഏകകണ്ഠ്യേന പ്രമേയം പാസാക്കി.

ജന്മദിനം ആഘോഷിക്കുന്ന മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ യോഗം അനുമോദിച്ചു. ഫാ. സി. വി. ഏബ്രഹാം ഹാരാർപ്പണം നടത്തുകയും, ഫാ. മാത്യു ചെറുവത്തൂർ, ഫാ. ജോർജ് കണ്ണോത്ത്; ഫാ. സി. ഐ. ജോർജ്, ഫാ. പീററർ ചെറുവത്തൂർ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തുകയും ചെയ്തു.

കുന്നംകുളം ആർത്താറ്റ് മഹാ ഇടവക വികാരി ഫാ: പീററർ ചെറുവത്തൂരിന് കോർ–എപ്പിസ്കോപ്പാസ്ഥാനം നൽകി ആദരിക്കണമെന്ന് മറെറാരു പ്രമേയത്തിലൂടെ യോഗം ബന്ധപ്പെട്ടവരോട് അപേക്ഷിച്ചു.

ഫാ. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ സ്വാഗതവും, ഫാ. സി. വി. ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു.

# സഭാ വികസനം പദ്ധതി റിപ്പോർട്ട് അംഗീകരിച്ചു

(സ്വന്തം ലേഖകൻ)

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാ വികസനം സംബന്ധിച്ച് ധനശേഖരണത്തിനുള്ള വിവിധ മാർഗ്ഗങ്ങളെപ്പററി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ നിയമിച്ചിരുന്ന കമ്മററിയുടെ റിപ്പോർട്ട് സഭാ മാനേജിംഗ് കമ്മററി അംഗീകരിച്ചു.

1988 ആഗസ്റ്റ് 23–ന് പ: കാതോലിക്കാ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽചേന്ന സഭാമാനേജിംഗ് കമ്മററിയിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് മുത്തൂററ് എം. ജി. ജോർജ്ജ് അവതരിപ്പിച്ചു.

മാനേജിംഗ് കമ്മററി അംഗങ്ങൾ ഒററക്കെട്ടായി യത്നിച്ചെങ്കിൽ മാത്രമേ റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ ഒന്നരക്കോടിയോളം രൂപായുടെ വികസന പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാൻ സാധിക്കയുള്ളവെന്ന് ജോർജ് അഭിപ്രായപ്പെട്ടു.

(ശേഷം 6-ാം പേജിൽ)

# ചൈനയിൽ പുതിയ ബിഷപ്പുമാർ

(സി. സി. എ. ന്യൂസ്)

ഷാങ്ഹായ്: ചൈനയിലെ ഷാങ്ഹായ് മ്യൂൺ ദേവാലയത്തിൽ വച്ച് ഈയകഴിഞ്ഞ ജൂൺ 26 ന് റവ: ഷെൻ ഇഫാൻ; റവ: സൂൻയാൻലീ എന്ന രണ്ട് വൈദികർ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ഇത് 1955 ന ശേഷം ചൈനയിൽ നടക്കുന്ന ആദ്യത്തെ മെത്രാൻ സ്ഥാനാഭിഷേകം ആണ്. അതുകൊണ്ട് തന്നെ ചരിത്ര പ്രധാനമെന്ന് വിശേഷിപ്പിക്കാവുന്ന ഈ സ്ഥാനാഭിഷേക ചടങ്ങിൽ ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കുകൊണ്ടു.

1981–ൽ രൂപം കൊണ്ട ചൈനീസ് ക്രിസ്ത്യൻ കൗൺസിലിന്റെ നേതൃത്വത്തിലാണ് സ്ഥാനാഭിഷേക ചടങ്ങുകൾ നടന്നത്. ഇരുപതോളം പ്രൊട്ടസ്റ്റൻഡ് സഭകൾ ഉൾപ്പെടുന്നതാണ് ചൈനീസ് ക്രിസ്ത്യൻ കൗൺസിൽ. ചടങ്ങുകൾ ലളിതമായിരുന്നു വെങ്കിലും പ്രത്യേക ശുശ്രൂഷാക്രമം കൗൺസിൽ തയ്യാർ ചെയ്തിരുന്നു. ചരിത്രത്തിൽ ആദ്യമായാണ് ഇപ്രകാരം വിവിധ സഭാവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ക്രിസ്ത്യൻ കൗൺസിൽ യോജിച്ച് മെത്രാൻ സ്ഥാനാഭിഷേകം നടത്തുന്നത്.

പുതിയ ബിഷപ്പുമാർക്ക് ഭദ്രാസന ഭരണം നല്കിയിട്ടില്ല. ''ഇവർ ചൈനയിലെ ജനങ്ങൾക്ക് ദൈവശാസ്ത്ര പരവും, ആദ്ധ്യാത്മികവും, ധാർമ്മികവുമായ ശക്തി പകരു

നോവൽ

നോവൽ

# പുതിയ പുലരികൾ തേടി

—അന്തിനാട്ട് ജോസ്

## അദ്ധ്യായം ഒൻപതു്

ഏതാനും നിമിഷത്തേയ്ക്ക് ഒന്നു ശബ്ദിക്കാൻ പോലും ചേച്ചമ്മയ്ക്കു കഴിഞ്ഞില്ല. ഹൃദയത്തിൽ എവിടെയോ ഒരു കുലുക്കം പോലെ. താനെന്താണീ കേൾക്കുന്നതു്?

വിൽസൺ എന്നു പേരായ ഒരാളും ഭാര്യയും കൂടി റെയിൽവേപുറമ്പോക്കിൽ മാടം കെട്ടി താമസം ആരംഭിക്കാൻ പോകുന്നുവെന്ന്. ജയ്സൺ എങ്ങനെ അയാളുടെ പേർ മനസ്സിലാക്കി? അവൻ അതെന്തിനു തന്നോടു മാത്രം പ്രത്യേകമായി പറഞ്ഞു. അങ്ങനെ ഒരു നാട്ടുവർത്തമാനം പറയുന്ന സ്വഭാവം അവനുള്ളതല്ല. കാറിൽ മാത്രം അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന അവനെങ്ങനെ ഈ രംഗം കണ്ടു പിടിച്ചു?

നൂറു കണക്കിനു സംശയങ്ങൾ അവരുടെ മനസ്സിൽ ഉയർന്നു പൊങ്ങി. എല്ലാം വിശദമായി ചോദിക്കാൻ തന്നെ തീരുമാനിച്ചു. എല്ലാംകൊണ്ടും മിക്കവാറും തന്റെ മകൻ വിൽസൺ തന്നെയായിരിക്കും. എങ്കിൽ എന്റെ ദൈവമേ?

ചേച്ചമ്മയുടെ ഹൃദയത്തിൽ നിന്നും ഒരു നെടുവീർപ്പുയന്നു. ആരും അറിയാതെ അവരുടെ ആത്മാവു നീറിപ്പുകഞ്ഞു. അവർ പിന്നെയും ചോദിച്ചു.

'നീയെങ്ങനെയാ, അയാളുടെ പേർ വിത്സൺ എന്നറിഞ്ഞതു്? നീ വന്നതു് കാറിലല്ലേ?

'ഞാൻ പോന്നവഴി റെയിൽവേ പുറമ്പോക്കിനടുത്തു വച്ച് എന്റെ കാർ ബ്രേക്ക് ഡൗണായി. അപ്പോൾ അയാളാണ് എന്നെ സഹായിച്ചതു്. ഞാനൊരു പത്തു രൂപാ എടുത്തു കൊടുത്തു. അയാൾ അതു വാങ്ങിച്ചില്ല. എങ്കിലും ഞാനതു നിർബന്ധിച്ചു കൊടുത്തു.'

ഇരുവരും ഒരു നിമിഷത്തേയ്ക്ക് ഒന്നും ശബ്ദിച്ചില്ല. നിമിഷങ്ങൾ അവർക്കിടയിൽ തണുത്തു മരവിച്ചു നിന്നു. ഇനി എന്താണ് ചോദിക്കേണ്ടതെന്നോ പറയേണ്ടതെന്നോ ചേച്ചമ്മയ്ക്ക് അറിവില്ലായിരുന്നു.

ആ അമ്മയുടെ ഹൃദയത്തിൽ ഒരു കൊടുങ്കാറ്റ് എവിടെ നിന്നോ ചീറിയടിക്കുവാൻ ആരംഭിച്ചിരുന്നു. അവരുടെ മനസ്സ് അസ്വസ്ഥതയുടെ കൂരമ്പുകളേറ്റ് അനുനിമിഷം പിടഞ്ഞുകൊണ്ടിരുന്നു. 'നീ അവന്റെ ഭാര്യയെ കണ്ടോ? അവൾ കറുത്തിട്ടാണോ വെളുത്തിട്ടാണോ?'

ആ ചോദ്യം കേട്ട് ജെയ്സൺ പൊട്ടിച്ചിരിച്ചു.

'അമ്മയെന്താ ഇന്നിങ്ങനെ ചോദിക്കുന്നതു്? വല്ല വഴിവക്കിലും കാണുന്നവന്റെ ഭാര്യ കറുത്താണോ വെളുത്താണോ എന്നു നോക്കാൻ എനിക്കെന്താ കാര്യം? അല്ലെങ്കിലുംഞാനങ്ങനെ നടക്കുന്നവനാണോ? ഈ അമ്മയുടെ ഒരു ചോദ്യം കേട്ടില്ലേ? ഇങ്ങനെ ചോദിക്കാൻ ഇപ്പോൾ കാരണമെന്താ അവൻ നമ്മുടെ വല്ലവരുമാണോ?'

ജെയ്സൺ പിന്നെയും തമാശായി ചിരിച്ചുകൊണ്ടിരുന്നു.

അപ്പോഴൊക്കെ ചേച്ചമ്മയുടെ ഹൃദയം നീറിപ്പുകയുകയായിരുന്നു. അവർ ഓരോനിമിഷവും അസ്വസ്ഥതയേറ്റു പുകഞ്ഞു. ഏതോ ഒരു തീ ഗോളത്തിൽ പെട്ടതുപോലെ അവർക്കുതോന്നി.

ജയസൺ കണ്ടു ചെറുപ്പക്കാരൻ വിൽസൺ തന്നെയായിരിക്കുമോ? അതോ വിൽസനെന്നു പേരുള്ള മററാരെങ്കിലുമായിരിക്കുമോ? ഒരേപേരുള്ള പലർ കണ്ടേന്നിരിക്കും. എന്നു കരുതി അവരെല്ലാം തന്റെ മകനാണെന്നു് കരുതുന്നതു് ശരിയാണോ?

ഒന്നും നിശ്ചയിക്കാൻ കഴിയുന്നില്ല. അവനെക്കുറിച്ചുള്ള ഓർമ്മകൾ ഒരു കടന്നൽപോലെ ചേച്ചമ്മയുടെ ഹൃദയത്തെ കുത്തിമുറിവേൽപ്പിക്കുന്നു. എങ്ങനെയെങ്കിലും അവിടം വരെ ഒന്നുപോയിരുന്നെങ്കിൽ എത്രയുംവേഗം സംശയം തീർത്തു വരാമായിരുന്നു. പക്ഷേ താനെന്തു പറഞ്ഞാണ് അവിടെപ്പോകുന്നതു്.

ചേച്ചമ്മ പിന്നെയും ചിന്തിക്കുകയായിരുന്നു. ജയ്സനോട് വിവരമെല്ലാം തുറന്നു പറഞ്ഞാലോ? അപ്പോൾ അവന്റെ പ്രതികരണമെന്തായിരിക്കും? തന്റെ ഭർത്താവിനെപ്പോലെ ജയ്സണും തന്റെ ജ്യേഷ്ഠനെവെറുക്കുമോ? എങ്കിൽ വിൽസന്റെ സ്ഥിതി എത്ര ദയനീയമായിരിക്കും?

തൽക്കാലം വിവരം ആരോടും പറയാതിരിക്കാം. എന്നിട്ട് എങ്ങനെയെങ്കിലുംഅവനെ കണ്ടെത്താൻ ശ്രമിക്കുക. ഇന്നല്ലെങ്കിൽ നാളെ തന്റെ ഭർത്താവിന്റെ മനസ്സു മാറാതിരിക്കില്ല വരുംകാലത്തെസുവർണ്ണപ്രഭാതങ്ങളൊന്നിൽ അവർ വീണ്ടും ഒരേ മേൽക്കൂരയ്ക്കുതാഴെ വസിക്കുമെന്നു് ചേച്ചമ്മ സ്വപ്നം കണ്ടു.

ജയ്സൺ തന്റെ അമ്മയുടെ മുഖത്തേയ്ക്കു തുറിച്ചു നോക്കി. ആ മുഖത്തു് തെളിഞ്ഞു കാണുന്നതു് വിഷാദമാണ്. അമ്മയ്ക്ക് എന്തു പററി?

തന്റെ വിവാഹം അമ്മയ്ക്ക് ഒട്ടും സന്തോഷമായില്ലെ? അമ്മയുടെ ജീവിതത്തിലെ ഒരു സ്വപ്നംകൂടി ഇന്നലെ പൂവണിഞ്ഞില്ലേ? എന്നിട്ടും എന്തുകൊണ്ടാണ് ആ ഹൃദയത്തിൽ ആഹ്ളാദത്തിന്റെ തിരയടികൾ നുരഞ്ഞു പൊന്താത്തതു്? ആ മുഖത്തു് നൊമ്പരത്തിന്റെ കനത്ത അലകൾ ഒരു മേഘം പോലെ എന്തേ വെറുങ്ങലിച്ചു നിൽക്കുന്നു?

എത്ര ചിന്തിച്ചിട്ടും ജെയ്സണ് ഒന്നും പിടികിട്ടിയില്ല. അമ്മയെന്തിനാണ് പുറംപോക്കിൽ കുടിലുകെട്ടിയ ചെറുപ്പക്കാരനെക്കുറിച്ച് കുലങ്കഷമായി തിരക്കിയതു്? അവർ തന്റെ മാതാവിന്റെ ആരുമല്ല, പിന്നെന്തിനു് അമ്മയിത്ര വേപഥുപൂണ്ട മനസ്സുമായി ഉഴറി നടക്കുന്നു?

'അമ്മേ: നാളെ സീനായേയും കൂട്ടി വരുമ്പോൾ അമ്മ ഇങ്ങനെ കരഞ്ഞു പിഴിഞ്ഞിരിക്കരുതു്. നല്ല സ്മാർട്ടായിട്ടിരിക്കണം. അല്ലെങ്കിൽ അവളെന്തു വിചാരിക്കും?

'അതൊക്കെ ഞാൻ വേണ്ടതുപോലെ ചെയ്തുകൊള്ളാം.'

'നാളെ നമുക്ക് ഒരു സിനിമയ്ക്കു പോകണം. സീനയും കൂടി വരട്ടെ.'

പിറേറന്നു് ജെയ്സൺ ചെന്നു് സീനയേയും കൂട്ടിക്കൊണ്ടു വന്നു. അന്നും കറിയാച്ചന്റെ ബംഗ്ലാവിൽ ഒരു ഉത്സവത്തിന്റെ പ്രതീതിയായിരുന്നു.

വൈകുന്നേരം എല്ലാവരും കൂടി തീയേററിലേക്ക് കാറിൽ യാത്രയായി. ചേച്ചമ്മ മനസ്സില്ലാമനസ്സോടെയാണെങ്കിലും കാറിൽ കയറി. താൻ ദുഃഖിച്ചിരുന്നാൽ മററുള്ളവരെന്തു കരുതും?

കാർ മെല്ലെ നഗരത്തിലെ തീയേററിലേയ്ക്കു നീങ്ങി. റെയിൽവേ പാളത്തിനടുത്തുകൂടി കാർ നീങ്ങിയപ്പോൾ ചേച്ചമ്മയുടെ ഹൃദയം പെരുമ്പറ കൊട്ടി.

വിൽസണെ വഴിയിലെങ്ങാൻ കണ്ടുമുട്ടുമോ? അവർ സ്വയം ആ ചോദ്യം ഒരു നൂറു തവണ ചോദിച്ചു.

## അദ്ധ്യായം പത്തു്

വെയിൽ നാളങ്ങൾ പ്രപഞ്ചത്തിനുമീതെ സുതാര്യമായകവചം തന്നെ മെനെഞ്ഞെടുത്തിരിക്കുന്നു. സൂര്യൻ കിഴക്കേ ചക്രവാളത്തിൽനിന്നും കുറെ ഏറെ ഉയർന്നു കഴിഞ്ഞിരുന്നു. സമയം ഏതാണ്ട് പത്തുമണി കഴിഞ്ഞിരിക്കുന്നു.

വിൽസൺ തന്റെ പെററകു

(ശേഷം 4-ാംപേജിൽ)

കവിത

# ദിവ്യസൗഹൃദം

ടോബി തലയൽ

പ്രാണനിൽ മിഴിനീട്ടി-
ത്തെളിയും ചെറുദീപം
വന്യമാമൊരു കാററി-
ലുഴറിപ്പിടയവെ

എങ്ങുനിന്നൊരു കുമ്പിൾ
നീളുന്നു, അണയുന്ന
ദീപനാളത്തെ ഭദ്രം
കാക്കുന്നു കരുണാർദ്രം!

കരകാണാതെ അല-
കടലിൽ തുഴയില്ലാ-
തലറും മരണത്തിൻ
ചുഴിയിൽ വള്ളം താഴ്കെ

എങ്ങുനിന്നൊരു കര-
മുയരുന്നതിശക്തം,
മുട്ടലം താങ്ങിത്തരു-
ത്തണലിലിരുത്തുന്നു!

സൗഹൃദമണയ്ക്കുന്നു
പുഞ്ചിരി നറുപുഷ്പ-
ഗന്ധമായ് കനവിലും
മാധുര്യം ചുരത്തുന്നു!

കൈപിടിക്കുന്നു, നേരേ-
കണ്ണിൽ നോക്കുന്നു ശാന്തം
ത്യാഗദീപ്തമാം മുഖ-
ത്തെന്മുഖം ചേർത്തീടുന്നു!

'നീയെൻ സ്നേഹിത'നെന്നു
മൊഴിയുന്നവിശ്വാസ-
വിസ്മയങ്ങളിൽ മൗഢ്യ-
ഭാവമാർന്നു ഞാൻ നില്ലേ.

നിനക്കായ് മൃതിയുടെ
കയ്പു ഞാൻ കുടിച്ചതും
നിനക്കായ് പുനർജ്ജനി-
ച്ചമൃതം പകർന്നതും

നിനക്കായ് പരിഹാസം
സ്വീകരിച്ചതും നിന്ദാ-
വാക്കുകൾ പൂവർഷംപോൽ
നെഞ്ചിലേററതും കരം-

കുന്തമൂർച്ചയിൽ ചോര-
വാർത്തതും, ഉഴവുചാൽ-
കണക്കെ ദേഹം കീറി
നീറി ഞാൻ പിടഞ്ഞതും

നിനക്കായ് മാത്രം എല്ലാം
നിനക്കായ്, നിൻ നന്മക്കായ്
എന്നു നീ പറഞ്ഞുവോ
എൻ തോളിൽ കൈവെച്ചുവോ!

കണ്ണുകൾ നനയുന്നോ
കണ്ഠവുമിടറുന്നോ
ചങ്കിലെ ചോരച്ചാലി-
ലെന്നെയും കഴുകുന്നോ!

